**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **06-12-2022 - ൽ മറുപടിയ്ക്ക്**

**റിട്ടയർ ചെയ്ത ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത, ഇ .സി.എച്.എസ് .പോലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരിൽനിന്നും അവരുടെ സമ്മതമോ അറിവോ കൂടാതെ 'മെഡിസെപ്' ലേക്ക് അവരുടെ പെൻഷനിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | **സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾ- പ്പെടെയുള്ള അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടി- സ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് മെഡിസെപ്. ആയതിനാൽ തന്നെയും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഇ.സി.എച്.എസ്. പോലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും മെഡിസെപ് പ്രീമിയം ഈടാക്കുന്നുണ്ട്. ടി പദ്ധതിയിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കുകയാണെങ്കിൽ ആയത് അംഗങ്ങളുടെ കൊഴിഞ്ഞ് പോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശശുദ്ധിയ്ക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽ നിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും നിലവിൽ ഇവരെ മാറ്റി നിർത്താൻ കഴിയാത്തതുമാണ്.** |

സെക്ഷൻ ഓഫീസർ